**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4518 25.10.2016- ൽ മറുപടിക്ക്

## സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾക്കായി വാഹനങ്ങൾ

**ചോദ്യം** | **മറുപടി**

**ശ്രീ.സി.കൃഷ്ണൻ** | ശ്രീ. എ.സി.മൊയ്തീൻ
(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കൺസ്യൂമർഫെഡ് സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് വാഹനങ്ങൾ വാങ്ങിയിരുന്നോ; | (എ) | കൺസ്യൂമർഫെഡ് സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് 141 വാഹനങ്ങൾ വാങ്ങിയിരുന്നു. |
| (ബി) | ഇവയിൽ എത്രയെണ്ണം ഇന്ന് പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്;വിശദമാക്കുമോ; | (ബി) | 141 വാഹനങ്ങൾ കൺസ്യൂമർ ഫെഡറേഷൻ വാങ്ങിയതും, നിലവിലുണ്ടായിരുന്ന ഒരു വാഹനവും ഉൾപ്പെടെ 142 സഞ്ചരിക്കുന്ന ത്രിവേണി വാഹനങ്ങളിൽ, 64 എണ്ണം പ്രവർത്തനം നടത്തുന്നുണ്ട്. സഞ്ചരിക്കുന്ന ത്രിവേണികളുടെ വിൽപ്പന ലാഭകരമല്ലാത്തതിനാലും, വാഹനങ്ങളുടെ അറ്റകുറ്റപണികൾക്കും, മറ്റ് ചിലവുകൾക്കും ടെസ്റ്റ് വർക്കിനും ഭീമമായ തുക ചിലവ് വരുന്നതിനാലും, 78 സഞ്ചരിക്കുന്ന ത്രിവേണികളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. |
| (സി) | ഈ വാഹനങ്ങൾ വാങ്ങിയത് മാനദണ്ഡങ്ങൾ പാലിച്ചുതന്നെയാണോ; വിശദമാക്കുമോ? | (സി) | അല്ല.<br>വാഹനങ്ങൾ വാങ്ങുന്നതിനായി മത്സര അടിസ്ഥാനത്തിൽ കൊട്ടേഷനുകൾ ക്ഷണിച്ചിരുന്നില്ല. റ്റാറ്റാ മോട്ടോഴ്സിന്റെ പ്രതിനിധികളും, കൺസ്യൂമർഫെഡിന്റെ ഭരണസമിതി അംഗങ്ങളും ചേർന്ന് നടത്തിയ യോഗത്തിൽ സർക്കാർ വിലയിൽ നിന്ന് 10,000 രൂപ കുറച്ച് 8,08,000 രൂപയ്ക്ക് വാഹനം വാങ്ങുന്നതിന് തീരുമാനിക്കുകയുണ്ടായി. |

Renjini

സെക്ഷൻ ഓഫീസർ